# KERALA SOCIAL SECURITY MISSION

A GOVERNMENT OF KERALA UNDERTAKING TO CATER TO THE SOCIAL SECURITY NEEDS OF THE UNDERPRIVILEGED)


നമ്പർ: എ2/6205/21/കെ.എസ്.എസ്.എം.

തിരുവനന്തപുരം
തീയതി 09/09/2021

## താല്പര്യപത്രം ക്ഷണിക്കുന്നു.

സാമൂഹ്യ നീതിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരളാസാമൂഹ്യസുരക്ഷാമിഷന്റെ 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ചെയ്യുന്നതിന് അനുയോജ്യരായ ചാർട്ടേർഡ്അക്കൗണ്ടുമാരിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു.

സ്ത്രീകളുടേയും, കുട്ടികളുടേയും, വൃദ്ധരുടേയും, സമൂഹത്തിൽ മറ്റ് രീതിയിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ക്ഷേമത്തിനു വേണ്ടി സാമൂഹ്യ നീതിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കേരളാസാമൂഹ്യസുരക്ഷാമിഷൻ.

കേരളാസാമൂഹ്യസുരക്ഷാമിഷന്റെ ബൈലോ പ്രകാരം എല്ലാവർഷവും ചാർട്ടേർഡ്അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ മിഷന്റെ അക്കൗണ്ട്സ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ചെയ്യുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേർഡ്അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്ത് 5 വർഷത്തെ പരിചയമുള്ള കമ്പനികളായിരിക്കണം.
2. ചുരുങ്ങിയത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.

താല്പര്യപത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച അന്തിമ അധികാരം കേരളാസാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ്ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

നിശ്ചിതയോഗ്യതയുള്ള ചാർട്ടേർഡ്അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താല്പര്യപത്രം എക്സിക്യൂട്ടീവ്ഡയറക്ടർ, കേരളാസാമൂഹ്യസുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം- 692012 എന്ന വിലാസത്തിൽ 30/9/2021 നകം ലഭ്യമാക്കേണ്ടതാണ്.

കൂടുതൽ വിശദാംശങ്ങൾ ആവശ്യമുള്ള പക്ഷം 9645205135 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

അസിസ്റ്റന്റ് ഡയറക്ടർ


IInd Floor, Day Care Centre for Aged, Social Welfare Institutional Complex, Poojappura- 695012, Thiruvananthapuram, email:socialsecuritymission@gmail.com, Fax: 0471-2346016
Ph: 0471-2341200, 2348135


Scanned with CamScanner